**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ ഓൺലൈൻ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് ശാഖകളിൽ പണമിടപാടുകൾ നടത്തുന്നതിന് ഡെബിറ്റ് കാർഡ് ഉൾപ്പെടെയുള്ള ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | കേരള ബാങ്ക് ശാഖകളിൽ പണമിടപാടുകൾ നടത്തുന്നതിന് ഡെബിറ്റ് കാർഡ്, മൊബൈൽ ബാങ്കിംഗ്, RTGS/NEFT മുതലായ ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) | ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഇതര ബാങ്കുകളുടെ അത്രത്തോളം കേരള ബാങ്കിൽ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | കേരള ബാങ്കിന്റെ CBS മൈഗ്രേഷൻ 2022 ഡിസംബർ മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. CBS മൈഗ്രേഷൻ പൂർത്തീകരിച്ചതിലൂടെ എല്ലാ ഇടപാടുകാർക്കും മൊബൈൽ സേവനം പ്രദാനം ചെയ്യുവാൻ കേരള ബാങ്ക് പര്യാപ്തമായിട്ടുണ്ട്.<br><br>നിലവിൽ ഇന്റർനെറ്റ് ബാങ്കിംഗ് ലൈസൻസ് ബാങ്കിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ